# പതിമൂന്നാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3734 17.10.2011-ലെ മറുപടിക്ക്

## ഐലംകോട് കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. മോയിൻകുട്ടി | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) തിരുവമ്പാടി നിയോജകമണ്ഡലത്തിലെ ഐലംകോട് കുടി വെള്ള പദ്ധതിക്ക് അനുമതി നൽകിയത് എന്നാണ്; | (എ) ഐലംകോട് കുടിവെള്ള പദ്ധതി എന്ന പേരിൽ ഒരു കുടിവെള്ള പദ്ധതി നിലവിലില്ല. കൊടിയത്തൂർ പഞ്ചായത്തിലെ താഴെ പറയുന്ന അഞ്ച് പദ്ധതികൾക്കായി 18/1/2007-ൽ അനുമതി നൽകിയിട്ടുണ്ട്.<br>1) കൊടിയത്തൂർ പഞ്ചായത്തിലെ വാർഡ്-11 -ലേക്കുള്ള കുടിവെള്ള പദ്ധതി - 18 ലക്ഷം രൂപ<br>2) ടി വാർഡ് 12-ലേക്കുള്ള കുടിവെള്ള പദ്ധതി - 18 ലക്ഷം രൂപ<br>3) ടി വാർഡ് 3-ലേക്കുള്ള കുടിവെള്ള പദ്ധതി - 15 ലക്ഷം രൂപ<br>4) ടി വാർഡ് 4-ലേക്കുള്ള കുടിവെള്ള പദ്ധതി - 9.5 ലക്ഷം രൂപ<br>5) ടി വാർഡ് 7-ലേക്കുള്ള കുടിവെള്ള പദ്ധതി -19 ലക്ഷം രൂപ |
| (ബി) ഏതു പദ്ധതി പ്രകാരമാണ് അനുമതി നൽകിയതെന്നും എന്നാണ് പ്രവർത്തി ആരംഭിച്ചതെന്നും പറയാമോ; | (ബി) എൻ.സി.പി.സി (ക്വാളിറ്റി അഫക്റ്റഡ് ഏരിയ) എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഈ പദ്ധതികൾക്ക് 18/1/2007-ൽ അനുമതി നൽകുകയുണ്ടായി. പദ്ധതിയുടെ പ്രവൃത്തി 15/4/2008-ന് ആരംഭിച്ചു. |
| (സി) പദ്ധതി പൂർത്തീകരിക്കുന്നതിൽ ഉണ്ടായ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ; | (സി) വാട്ടർ അതോറിറ്റിയുടെ എല്ലാ പ്രവൃത്തികളും പൂർത്തിയായി. വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനായി ഇലക്ട്രിസിറ്റി ബോർഡിൽ ആപ്ലിക്കേഷൻ ഫീസായി 2050 |

രൂപ അടച്ചിട്ടുണ്ട്. പുതിയ ട്രാൻസ്ഫോർമർ സ്ഥാപിച്ച് പവർ ലൈൻ വലിക്കുന്ന പ്രവൃത്തി പൂർത്തിയാക്കേണ്ടതുണ്ട്. മറ്റു കാലതാമസം ഒന്നും തന്നെ ഇല്ല.

(ഡി) **എന്ന് പ്രസ്തുത പദ്ധതി കമ്മീഷൻ ചെയ്യാനാകുമെന്ന് അറിയിക്കാമോ ?**

(ഡി) കെ.എസ്.ഇ.ബി. ട്രാൻസ്ഫോർമർ സ്ഥാപിച്ച് ലൈൻ വലിച്ച് വൈദ്യുതി കണക്ഷൻ ലഭിച്ചാലുടൻ പദ്ധതി കമ്മീഷൻ ചെയ്യാൻ സാധിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**